പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3408 — 19/10/2016-ൽ മറുപടിയ്ക്ക്.

## ക്ഷീരോല്പാദനം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ രാജു എബ്രഹാം | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ പ്രതിദിന ക്ഷീരോല്പാദനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;ക്ഷീര സംഘങ്ങൾ മുഖേന പ്രതിദിനം മിൽമയിലേയ്ക്ക് എത്ര ലിറ്റർ പാൽ എത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ; | പ്രതിദിനം ഏകദേശം – 77.2 ലക്ഷം ലിറ്റർ പാൽ. ക്ഷീരസഹകരണ സംഘം മുഖേന പ്രതിദിനം ശരാശരി 10.4 ലക്ഷം ലിറ്റർ പാൽ മിൽമയ്ക്ക് നല്കുന്നുണ്ട്. |
| (ബി) | പ്രതിദിന പാൽ ഉപഭോഗം സംബന്ധിച്ച കണക്ക് ലഭ്യമാണോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | പ്രതിദിനം ഏകദേശം 87.5 ലക്ഷം ലിറ്റർ പാൽ |
| (സി) | ആഭ്യന്തര ഉപയോഗത്തിനായി അന്യസംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാലാണ് സംസ്ഥാനത്ത് എത്തുന്നത് എന്നത് സംബന്ധിച്ച് കണക്ക് ലഭ്യമാണോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | മിൽമ അന്യസംസ്ഥാനങ്ങളിലെ സഹകരണ ഫെഡറേഷനുകൾ മുഖേന ഏകദേശം 2.5 മുതൽ 3 ലക്ഷം ലിറ്റർ പാൽ കൊണ്ടു വരുന്നു. സ്വകാര്യ ഡയറികൾ അന്യസംസ്ഥാനത്തു നിന്നും കൊണ്ടുവരുന്ന പാലിന്റെ കണക്ക് ലഭ്യമല്ല |
| (ഡി) | ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിയ്ക്കുന്നതിനും കഴിഞ്ഞ 5 വർഷം പദ്ധതികൾ നടപ്പാക്കിയതുവഴി ആഭ്യന്തര ക്ഷീരോല്പാദനത്തിൽ എത്രമാത്രം വളർച്ച ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | ക്ഷീരസംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന്റെ കണക്ക് ചുവടെ ചേർക്കുന്നു. |

| | Lakh Metric Tonne per annum | Lakh Litre per Day |
|---|---|---|
| 2011-12 | 4.52 | 12.39 |
| 2012-13 | 4.89 | 13.39 |
| 2013-14 | 5.27 | 14.43 |
| 2014-15 | 5.57 | 15.26 |
| 2015-16 | 5.92 | 16.24 |

സംസ്ഥാനത്തിന്റെ പാൽ ഉല്പാദനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

**Milk procurement of the State**

| Year | LMT Per Annum |
|---|---|
| 2011-12 | 27.16 |
| 2012-13 | 27.91 |
| 2013-14 | 26.55 |
| 2014-15 | 27.11 |
| 2015-16 | 26.49 |

(അവലംബം ഇക്കണോമിക് റിവ്യൂ കേരള സർക്കാർ)

(ഇ) തൊഴിൽ രഹിതരും ഈ മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവരും സ്വന്തമായി നിശ്ചിത അളവിൽ ഭൂമി ഉള്ളവർക്കുമായി സംയോജിത കൃഷി (ഇന്റഗ്രേറ്റഡ് ഫാമിംഗ്) എന്ന ആശയം നടപ്പാക്കാനും അതുവഴി പുതിയ ഒരു തൊഴിൽ സംസ്കാരവും കാർഷിക സംസ്കാരവും നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംയോജിത കൃഷി വികസന പദ്ധതി എന്ന ആശയം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.